കണ്ണൂർ ജില്ലാ പഞ്ചായത്ത്
ഡയറ്റ് കണ്ണൂർ

SSLC മുകുളം മാതൃകാ പരീക്ഷ
ഫിബ്രവരി -2019

# അടിസ്ഥാനപാഠാവലി

Time:1½hrs Score:40

---

**നിർദ്ദേശങ്ങൾ**

- ആദ്യ 15 മിനുട്ട് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വ്യക്തമായി വായിച്ചു മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തണം.
- സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടുള്ളതല്ല.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (4x1=4)**

1. 'അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.'
   ' കണ്ണുതണുപ്പിക്കുക' എന്ന ശൈലിയിൽ നിന്നും ഏത് മാനസികാവസ്ഥയാണ് വ്യക്തമാകുന്നത്?
   - ചിരുതയെ മോളേ എന്നു വിളിച്ചതിലുള്ള ചാരിതാർത്ഥ്യം
   - പിണങ്ങിപ്പോയ അച്ഛൻ തന്നെ തേടി വന്നതിലുള്ള ആശ്വാസം
   - അച്ഛന്റെ ദേഹസ്ഥിതി കണ്ടുണ്ടായ വേവലാതി
   - അച്ഛൻ ഇനി മടങ്ങിപ്പോവില്ലേ എന്ന ആശങ്ക
2. അച്ഛന്റെ വിളികൾക്കു പിന്നാലെ പോവുമ്പോൾ ഏതവസ്ഥയിലും <u>അമ്മ ചെറുപ്പത്തിലേക്കു മടങ്ങുകയായിരുന്നു</u>
   അടിവരയിട്ട പ്രയോഗം ധ്വനിപ്പിക്കുന്നതെന്ത്?
   - അമ്മ പക്വതയില്ലായ്മ പ്രകടിപ്പിക്കുന്നു.
   - അമ്മ യുവത്വത്തിലേക്കു മടങ്ങിവരുന്നു.
   - അമ്മ ഊർജ്ജസ്വലയാകുന്നു.
   - അമ്മയ്ക്ക് അണിഞ്ഞൊരുങ്ങാനുള്ള ആഗ്രഹമുണ്ടാകുന്നു.
3. കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം. ഈ വാക്യത്തിൽ ഋഷിവര്യൻ എന്ന പദത്തിന് ഏറ്റവും യോജിച്ച വിഗ്രഹരൂപം ഏത്?
   - ഋഷിയും വര്യനും
   - ഋഷികളിൽ വര്യൻ
   - ഋഷികളുടെ വര്യൻ
   - ഋഷിയുള്ള വര്യൻ

4. മർക്കോസ്  പിടിക്കുന്ന ഭാഗത്തിന്റെ എതിരു പിടിക്കുക എന്നത് മത്തായിയുടെ വ്രത മായി. എതിരു പിടിക്കുക എന്ന പ്രയോഗത്തിന്റെ ഈ സന്ദർഭത്തിലെ അർത്ഥതല മെന്ത്?

- ചിലപ്പോൾ കുറ്റം പറയുക
- എതിരഭിപ്രായം പറയുക
- ചിലപ്പോൾ എതിർക്കുക
- എപ്പോഴും എതിർക്കുക

**5 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. (4x2=8)**

5. അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ–
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.

‘സൂചിപ്രയോഗത്തിൻ നീറ്റൽ ’– ഈ പ്രയോഗം നൽകുന്ന രണ്ട് അർത്ഥസൂചനകൾ എഴുതുക.

6. വാക്യശുദ്ധിവരുത്തുക.

പ്രകൃതിരമണീയമായ സുന്ദരക്കാഴ്ചകളും മറ്റനുഭവങ്ങളും മനോഹരമായ സാഹിത്യാവിഷ്കാരങ്ങൾ എങ്ങിനെ മാറുന്നുവെന്ന് ‘കൊച്ചുചക്കരച്ചി ’എന്ന ലേഖനം കാട്ടിത്തരുന്നു.

7. ആർപ്പുവിളിക്കുവിനുണ്ണികളേ,യല–
കടലേ,മേന്മൽകുരവയിടൂ കൊ–
ച്ചരുവികളേ,ചെറുകന്യകളേ ന–
ല്ലതിഥി നമുക്കിനിയാരിതുപോലെ?

ഇങ്ങനെ ആഹ്വാനം ചെയ്യാൻ കവിയെ പ്രേരിപ്പിച്ച രണ്ടു വസ്തുതകൾ കണ്ടെത്തുക.

8. ‘ആരു വായിക്കുമീ
മായുമെഴുത്തുകൾ
ആരുടെ നാവിലു–
യിർക്കുമിച്ചൊല്ലുകൾ’

കവിയുടെ ഏതെല്ലാം ആശങ്കകളാണ് ഈ വരികളിൽ തെളിയുന്നത്? രണ്ടു സൂചനകളെഴുതുക.

9. ‘പത്രമെന്ന വിരോധാഭാസം ഇതത്രേ’

പത്രത്തെ വിരോധാഭാസമെന്നു വിശേഷിപ്പിക്കുന്നതിലെ യുക്തികളെഴുതുക.

**10 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന്  ഉത്തരമെഴുതുക. (4x4=16)**

10. ചിരുതയുടെ  സ്നേഹവും കരുതലുമാണ് കോരന്റെ കുടുംബത്തിന്റെ വിശപ്പാറ്റുന്നത്? – ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?

11. ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്കു പിന്നാലെയും അമ്മ ഓടുകയായിരുന്നു

ഇന്നലേം വിളിച്ചു, വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ

**(ഓരോ വിളിയും കാത്ത്)**

-ഈ കഥയിൽ ആവിഷ്കരിക്കപ്പെടുന്ന സ്ത്രീയുടെ കുടുംബജീവിതാവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുക.

12. ലോകമേ തറവാടു തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ **(വള്ളത്തോൾ)**

'കൊച്ചുചക്കരച്ചി വീഴില്ല,വീണാലും അവൾ ആപത്ത്

വരുത്തുകയില്ല എന്ന ഒറ്റ ഉറച്ചനിലയായിരുന്നു അമ്മയ്ക്ക് ' **(കൊച്ചുചക്കരച്ചി)**

വള്ളത്തോളിന്റെ ഈ വരികളിൽ തെളിയുന്ന ജീവിതദർശനമാണോ അമ്മയ്ക്കുള്ളത് ?വിലയിരുത്തുക.

13. "ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്നു മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവുണ്ട്. അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്കുമാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല.മൃഗങ്ങളേക്കാളും മോശം." **(ശ്രീനാരായണഗുരു)**

-ഗുരുവിന്റെ ഈ നിരീക്ഷണം ഇന്നും പ്രസക്തമാണോ? ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

14. അയാളുടെ തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയ കാലം, ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു. പാട്ടു കേൾക്കാനും വാർത്തകൾ അറിയാനുമൊക്കെയായി ദൂരത്തു നിന്നുള്ളവർ പോലും അവിടെ എത്തിച്ചേർന്നു. **(പണയം)**

പഴയക്കാലത്ത് റേഡിയോ ഗ്രാമജീവിതത്തിൽ ചെലുത്തിയ സ്വാധീനമാണ് ഈ വാക്യങ്ങളിൽ തെളിയുന്നത്. ഇന്നത്തെ മാധ്യമങ്ങൾക്ക് ഇത്തരമൊരു സ്വാധീനം ചെലുത്താൻ സാധിക്കുന്നുണ്ടോ? ലഘുകുറിപ്പ് തയാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.**

**(2x6=12)**

15. 'കേരളീയ പ്രകൃതിയേക്കാൾ വൈലോപ്പിള്ളിയെ സ്വാധീനിച്ചത് കേരളീയ സംസ്കാരമാണ്.' -ഈ പ്രസ്താവനയെ മുൻനിർത്തി 'ഓണമുറ്റത്ത്' എന്ന കവിത വിശകലനം ചെയ്ത് ലഘൂപന്യാസം തയാറാക്കുക.

16. 'നെപ്പോളിയൻ തുറന്നു പറഞ്ഞു.ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ് .' **(പത്രനീതി)** പത്രങ്ങൾക്ക് ഇന്ന് ഈ മൂർച്ച നിലനിർത്താൻ സാധിക്കുന്നുണ്ടോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി 'പത്രങ്ങളുടെ സ്വാധീനം അന്നും ഇന്നും' എന്ന വിഷയത്തിൽ ലഘൂപന്യാസം തയാറാക്കുക.

17. **ആസ്വാദനം തയാറാക്കുക.**

വിട്ടയക്കുക  കൂട്ടിൽ നിന്നെന്നെ,ഞാ-
നൊട്ടു വാനിൽപ്പറന്ന് നടക്കട്ടെ!
സുപ്രഭാതമടുത്തു ,നഭസ്സിലേ-
യ്ക്കൽപ്പതിക്കുന്നു മാമകവർഗക്കാർ;
കൊച്ചു പക്ഷിയാം ഞാനോ,തമസ്സിൽത്താ-
നച്ഛമാമിപ്പുലർവെളിച്ചത്തിലും.
വിട്ടയക്കുക  കൂട്ടിൽ നിന്നെന്നെ,ഞാ-
നൊട്ടു വാനിൽപ്പറന്ന് നടക്കട്ടെ!
കാൺമതുണ്ടതാ തെല്ലകലത്തിലെൻ
ജന്മഭൂമിയാം കാനനം മോഹനം!
താമരമലർക്കൈയാൽത്തടാകങ്ങൾ
പ്രേമമോടെന്നെമാടിവിളിക്കുന്നു.
പുൽത്തളിരുകൾ പുന്തുകിൽ നെയ്യുന്നു,
പുഷ്പരാജികൾ പുഞ്ചിരിക്കൊള്ളുന്നു
വിട്ടയക്കുക  കൂട്ടിൽ നിന്നെന്നെ,ഞാ-
നൊട്ടു വാനിൽപ്പറന്ന് നടക്കട്ടെ!

**(ബാലമണിയമ്മ)**